പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4703 18.12.2014-ൽ മറുപടിക്ക്.

**ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സ് റൂമുകളിൽ അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന ക്ലാസ്സ് റൂമുകളിൽ സ്കൂളിന്റെ പ്രവർത്തനത്തിന് വിഘാതം വരാത്ത തരത്തിൽ അംഗൻവാടികൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകുന്ന എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br>(ബി) ഇതിനുള്ള അനുമതി ആരാണ് നൽകേണ്ടത്; | (എ) സംസ്ഥാനത്ത് അംഗൻവാടികൾക്ക് പ്രവർത്തിക്കുവാൻ അനുമതി നൽകേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. നിലവിൽ ഇതു സംബന്ധിച്ച പൊതുവായ ഉത്തരവുകളില്ല. |
| (സി) സ്കൂൾ സ്ഥലത്ത് ഒഴിഞ്ഞു- കിടക്കുന്ന ക്ലാസ്സ് റൂമുകൾ, സ്ഥലം എന്നിവയിൽ സ്കൂൾ വികസനത്തിന് തടസ്സമാകാതെ അംഗൻവാടികൾ പ്രവർത്തിപ്പിക്കു-ന്നതിന് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ? | ടി വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി 18/11/2014-ൽ വിളിച്ചുകൂട്ടിയ യോഗത്തിൽ നിലവിൽ പ്രീപ്രൈമറി പ്രവർത്തിക്കാത്തതും സ്കൂളുകളിൽ ക്ലാസ്മുറികൾ ഒഴിഞ്ഞുകിടപ്പുള്ള സ്കൂളുകളിൽ, അംഗൻവാടി പ്രവർത്തിക്കുന്നതിനും, ഈ റൂമുകൾ ഭാവിയിൽ സ്ക്കൂളിന് ആവശ്യമായി വരുന്ന പക്ഷം മടക്കി നൽകാമെന്നുമുള്ള വ്യവസ്ഥയിൽ അംഗൻവാടികൾക്ക് അനുമതി നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ